## അടിയന്തര പ്രമേയം

### പ്ലസ് വൺപ്രവേശനം ലഭിക്കാത്തതിനെ തുടർന്നുള്ള ആത്മഹത്യ

മി. സ്പീക്കർ: പ്ലസ് വൺ പ്രവേശനം ലഭിക്കാത്തതിൽ മനംനൊന്ത് പട്ടാമ്പി ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും 70 ശമാനം മാർക്കോടെ എസ്.എസ്.എൽ. സി പാസ്സായ നിർദ്ധനകുടുംബത്തിലെ പെൺകുട്ടി ആത്മഹത്യ ചെയ്യുകയും സി.ബിഎസ്.ഇ സ്കൂളുകൾക്കുവേണ്ടി പ്ലസ് വൺ പ്രവേശനം സർക്കാർ വൈകിപ്പിക്കുകയും, അതുവഴി സംസ്ഥാന സിലബസിൽ പഠിച്ച് പാസ്സായ ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ അവ ഗണിക്കപ്പെട്ടിരിക്കുന്നതിനെത്തുടർന്ന് ഉളവായതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണ മെന്നാവശ്യപ്പെട്ട് ശ്രീമതി കെ. എസ്. സലീഖ, സർവ്വശ്രീ. വി. എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ. എ. അസീസ് എന്നീ ബഹുമാന പ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, പട്ടാമ്പി ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും 70 ശതമാനത്തോളം മാർക്കോടെ എസ്.എസ്.എൽ.സി പാസ്സായ, ശ്രീ. രാജന്റെ മകൾ രേഷ്മ എന്ന പതിനാറ് വയസ്സുള്ള കുട്ടി ഇന്നലെ ആത്മഹത്യ ചെയ്തു എന്നുള്ള വിവരമാണ് ലഭിച്ചിട്ടുള്ളത്. ഏകജാലക സംവിധാനത്തിലൂടെയാണ് ഇപ്പോൾ പ്ലസ് വൺ പ്രവേശന നടപടികൾ നടക്കുന്നത്. ഏകജാലക സംവിധാനത്തിൽ 50 സ്കൂളുകൾവരെ ഓപ്ഷൻ കൊടുക്കാനുള്ള

അധികാരമുണ്ട്. പക്ഷേ ഈ കുട്ടി, ഗവൺമെന്റ് ജി.എച്ച്.എസ്.എസ് നടുവട്ടം, ഗവൺമെന്റ് എച്ച്.എസ്.എസ് വാടാനക്കുറിശ്ശി, ജി.എച്ച്.എസ്.എസ് പട്ടാമ്പി എന്നീ മൂന്ന് സ്കൂളുകളിൽ മാത്രമാണ് ഓപ്ഷൻ കൊടുത്തിട്ടുള്ളത്. ഈ മൂന്ന് സ്കൂളുകളിൽ രേഷ്മയെക്കാൾ കൂടുതൽ മാർക്ക് നേടിയ കുട്ടികൾ വരുമ്പോൾ ഏകജാലക സംവിധാനത്തിൽ സ്വാഭാവികമായും സീറ്റ് ലഭിക്കാതെവരും. മാത്രവുമല്ല, അതിനുശേഷമുള്ള ഓപ്ഷൻ മാറ്റം, സബ്ജക്ട് മാറ്റം, സ്കൂൾ മാറ്റം എന്നവയൊക്കെ കൊടുക്കാനുള്ള സമയം അനുവദിച്ചിട്ടുണ്ട്. പ്ലസ് വൺ പ്രവേശനത്തിന്റെ അഡ്മിഷൻ ഈ മാസം 16-ാം തീയതിയോടുകൂടിയാണ് പൂർത്തിയാകുന്നത്. മാത്രവുമല്ല, ഇപ്പോൾ ഗവൺമെന്റ് അനുവദിച്ചിട്ടുള്ള 20 ശതമാനം അഡീഷണൽ സീറ്റുകൂടി കണക്കിലെടുക്കുമ്പോൾ പ്രവേശനം ജൂലൈ ലാസ്റ്റുവരെയോ ആഗസ്റ്റ് മാസംവരെയോ നീണ്ടുപോകാൻ സാദ്ധ്യതയുണ്ട്. ഓപ്ഷൻ ചെയ്ഞ്ച് ചെയ്യുന്നതിനനുസരിച്ച് മറ്റുള്ള സ്ഥാപനങ്ങളിൽ പ്രവേശനം കിട്ടാൻ സമയമെടുക്കും; അതിനുമുമ്പ് ഈ കുട്ടി ആത്മഹത്യ ചെയ്തു എന്നുള്ള വിവരമാണ് ലഭിച്ചിട്ടുള്ളത്. ഇത് വളരെ ദൗർഭാഗ്യകരമായ സംഭവമാണ്. ഈ രീതിയിലുള്ള കാര്യങ്ങളാണ് നടന്നതെങ്കിൽ അതിന് സ്കൂൾ അധികൃതരേയും വിദ്യാഭ്യാസ വകുപ്പിനേയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. മറ്റെന്തെങ്കിലും അപാകതകൾ നടന്നിട്ടുണ്ടെങ്കിൽ തീർച്ചയായും പരിശോധിക്കുന്നതാണ്.

ശ്രീമതി. കെ. എസ്. സലീഖ: സർ, പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ, ഹയർ സെക്കണ്ടറി സ്കൂളിൽ പ്രവേശനം നിഷേധിച്ചതിലുള്ള, അല്ലെങ്കിൽ ലഭിക്കാത്തതിലുള്ള പ്രതിഷേധത്തിന്റെ ഭാഗമായാണ് രേഷ്മ ആത്മഹത്യ ചെയ്തത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി വളരെ ലാഘവത്തോടുകൂടിയാണ് ഈ വിഷയത്തിന് ആമുഖമായി സംസാരിച്ചത്. മൂന്ന് സ്കൂളുകളിൽമാത്രം ഓപ്ഷൻ നൽകിയതിന്റെ പേരിലാണ് പ്രവേശനം ലഭിക്കാതിരുന്നത്, അതിന്റെ പേരിൽ ഇങ്ങനെ ചെയ്യേണ്ടിയിരുന്നില്ല എന്ന് വളരെ ലാഘവത്തോടുകൂടി ഒരു പെൺകുട്ടിയുടെ ആത്മഹത്യയെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചത് ഏറെ ഖേദകരമാണ് എന്നാണ് എനിക്ക് പറയാനുള്ളത്. ഹയർ സെക്കണ്ടറി പരീക്ഷയുമായി ബന്ധപ്പെട്ട വിഷയം ഈ സഭയിൽ വളരെ ഗൗരവമായി കഴിഞ്ഞ ദിവസങ്ങളിൽ നാം ചർച്ച ചെയ്തിരുന്നു. പട്ടാമ്പിയിലെ ചങ്ങരമംഗലം വടക്കുമുറി പ്രദേശത്തെ രേഷ്മയുടെ ആത്മഹത്യ വളരെ ഗൗരവമായി ഈ ഗവൺമെന്റ് കാണേണ്ടതുണ്ട്. പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലനിൽക്കുന്ന ബുദ്ധിമുട്ടേറിയ സാഹചര്യത്തിൽ നടന്ന ഒരു സംഭവമെന്ന നിലയ്ക്ക് രേഷ്മയുടെ ആത്മഹത്യ, പ്ലസ് വൺ-ന് പ്രവേശനം ലഭിക്കാത്ത കേരളത്തിലെ മറ്റ് കുട്ടികളെക്കൂടി ആശങ്കയിലാഴ്ത്തിയിരിക്കുകയാണ്. രേഷ്മയുടെ കുടുംബം സാമ്പത്തികമായി ഉയർന്ന കുടുംബമല്ല. അച്ഛൻ നിത്യരോഗിയാണ്. വീടിന് പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയിലാണ്. കൂലിപ്പണി ചെയ്ത് കുടുംബം പുലർത്തുന്ന ഒരമ്മ

യുടെ തണലിലാണ് ഈ കുട്ടി പഠിച്ചിരുന്നത്. പിന്നെയുള്ള അനിയനാണ്. ആ കുട്ടിയും പഠിച്ചുകൊണ്ടിരിക്കുകയാണ്. ഈ കുട്ടിയിൽ വലിയ പ്രതീക്ഷയായിരുന്നു ആ കുടുംബത്തിനുണ്ടായിരുന്നത്. പഠിച്ച് വലുതായി കുടുംബത്തിന് താങ്ങും തണലുമാകുമെന്നായിരുന്നു അവർ പ്രതീക്ഷിച്ചിരുന്നത്. പഞ്ചായത്തിൽ നിന്നും അനുവദിച്ചുകൊടുത്ത വീട്ടിലാണ് അവർ താമസിക്കുന്നത്. എല്ലാ അർത്ഥത്തിലും വളരെ പ്രയാസമനുഭവിക്കുന്ന ഒരു ബി.പി.എൽ കുടുംബമാണ് അവരുടേത്. സാധാരണ കുടുംബത്തിൽനിന്ന്, മറ്റ് കോച്ചിംഗ് ഒന്നുമില്ലാതെ സാധാരണ സ്കൂളിൽ പഠിച്ച് 70 ശതമാനം മാർക്ക് വാങ്ങിയ ഒരു കുട്ടിക്ക് പ്ലസ് വൺ-ന് അഡ്മിഷൻ അപേക്ഷ കൊടുത്തിട്ട് കിട്ടിയില്ല എന്ന് പറയുമ്പോൾ സ്വാഭാവികമായുമുണ്ടാകുന്ന മന:പ്രയാസം ചെറുതായിരിക്കില്ല. അതാണ് ഇവിടെ സംഭവിച്ചിട്ടുള്ളത്. കഴിഞ്ഞ ബുധനാഴ്ച സ്കൂളിൽ ചെന്ന് ഹയർ സെക്കണ്ടറിക്ക് പ്രവേശനം ലഭിക്കുമോയെന്ന് അന്വേഷിച്ചപ്പോഴാണ് പ്രവേശനം ലഭിക്കില്ല എന്ന വിവരം കുട്ടി അറിയുന്നത്. ഉടനെ വീട്ടിൽ വന്ന് ആത്മഹത്യ ചെയ്യുന്ന സ്ഥിതിയാണ് ഉണ്ടായിട്ടുള്ളത്. എസ്.എസ്.എൽ.സി പരീക്ഷ വളരെ ഗൗരവമായി നടത്തുന്ന സംസ്ഥാനമാണ് കേരളം. അതുകൊണ്ടാണല്ലോ അതിന് ട്രഷറി, സെക്യൂരിറ്റി, പോലീസ് തുടങ്ങിയ സംവിധാനങ്ങളെല്ലാം ഒരുക്കുന്നത്. അത്രത്തോളം ഗൗരവത്തിൽ നടത്തുന്ന ഒരു പരീക്ഷയിൽ സാധാരണ സ്കൂളിൽ പഠിച്ച് ജയിച്ചുവരുന്ന കുട്ടികളോട് ഗവൺമെന്റ് എടുത്തിട്ടുള്ള നിലപാട് എന്താണെന്നുള്ളതാണ് ഇതിലേറ്റവും ഗൗരവമാ

യിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സി.ബിഎ സ്.ഇ. സ്കൂളുകൾ നടത്തുന്ന മാനേജുമെന്റുകൾക്കുവേണ്ടിയാണ് ഇത്തരമൊരു നിലപാട് സ്വീകരിച്ചത് എന്ന് പറയേണ്ടിവരികയാണ്. സാധാരണ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളെ അവഗണിക്കുന്ന രിതിയിലേയ്ക്കാണ് ഈ ഗവൺമെന്റ് പോയിരിക്കുന്നത്. എസ്.എസ്.എൽ.സി സ്റ്റേറ്റ് സിലബസിന്റെ വാല്യുവേഷൻ സെൻട്രൽ വാല്യുവേഷമാണ്. നേരെമറിച്ച് ഇത്തവണ രണ്ട് തരത്തിൽ സിബി.എസ്.ഇ. പരീക്ഷ എഴുതാമായിരുന്നു. ബോർഡ് എക്സാം ആണ് നേരത്തെയുണ്ടായിരുന്നത്. ഇപ്പോൾ ബോർഡ് എക്സാമും സ്കൂൾ എക്സാമും എഴുതാം. ഇത്തരത്തിൽ രണ്ട് രീതി വന്നപ്പോൾ കേരളത്തിലെ സി.ബി.എസ്.ഇ. സ്കൂളുകളിലെ 90 ശതമാനം കുട്ടികളും തെരഞ്ഞെടുത്തത് സ്കൂൾ എക്സാം ആണ്. തങ്ങൾ പഠിക്കുന്ന സ്കൂളിലെ അധ്യാപകർതന്നെ ചോദ്യം തയ്യാറാക്കുകയും പേപ്പർ നോക്കുകയും ചെയ്യുന്ന സ്ഥിതി വരുമ്പോൾ സ്വാഭാവികമായും അത് തന്നെയാവും കുട്ടികൾ തെരഞ്ഞെടുക്കുന്നത്. അതിനെ കുട്ടികളെ ഞാൻ കുറ്റപ്പെടുത്തില്ല. ഈ ഗവൺമെന്റിന്റെ നയത്തെയാണ് ഞാൻ കുറ്റപ്പെടുത്തുന്നത്. അങ്ങനെ ഒരു നിലപാട് സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോയതിന്റെ ഭാഗമായി സി.ബി.എസ്.ഇ. വിഭാഗത്തിലെ 90 ശതമാനം കുട്ടികളും ജയിച്ചുവന്നു. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ് ഏകജാലക സംവിധാനം നടപ്പിലാക്കിയത്. അത് നടപ്പിലാക്കി എന്നുമാത്രമല്ല, സ്റ്റേറ്റ് സിലബസിൽ പഠിച്ചുവരുന്ന കുട്ടികളുടെ രണ്ട്

അലോട്ട്മെന്റും കഴിഞ്ഞതിനുശേഷമാണ് സിബി.എസ്.ഇ, സിലബസിലെ കുട്ടികൾക്ക് അലോട്ട്മെന്റ് ലഭിക്കാറുള്ളത്. ഇവിടെ എന്താണ് സംഭവിച്ചത്? പ്ലസ് വൺ-ന്റെ അലോട്ട്മെന്റ് വൈകിപ്പിച്ചത് ആർക്ക് വേണ്ടിയാണെന്ന് നിങ്ങൾ ഉത്തരം പറയണം. ഇവിടത്തെ മാനേജുമെന്റുകൾക്കുവേണ്ടി, മുതലാളിമാർ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടിയാണ് നിങ്ങൾ അലോട്ട്മെന്റ് വൈകിപ്പിച്ചത് എന്നുള്ളതുകൊണ്ടുതന്നെയാണ് ഈ പെൺകുട്ടി ആത്മഹത്യചെയ്യേണ്ടി വന്നിട്ടുള്ളത്. ഇത്തവണ പ്ലസ് വൺ-ന്റെ ഫസ്റ്റ് അലോട്ട്മെന്റിൽ സ്റ്റേറ്റ് സിലബസിൽ □എ പ്ലസ്□ നേടിയ കുട്ടികളല്ല വന്നത്. 50000-ത്തോളം സീറ്റിൽ അലോട്ട്മെന്റ് നടത്തിയപ്പോൾ സി.ബി.എസ്.ഇ. വിദ്യാലയങ്ങളിൽ പഠിച്ച കുട്ടികളാണ് കൂടുതലും വന്നിട്ടുള്ളത് എന്നത് കേരളത്തിൽ ഇന്നേവരെ നടക്കാത്ത സംഭവമാണ്. അതുപോലെതന്നെയാണ്, ഗ്രേഡിംഗിലുള്ള വ്യത്യാസം. സ്റ്റേറ്റ് സിലബസ് പഠിക്കുന്ന കുട്ടികൾക്ക് 10 വിഷയമാണുള്ളത്. എന്നാൽ സി.ബി.എസ്.ഇ-യിൽ 5 വിഷയമാണുള്ളത്. ഗ്രേഡിംഗ് നടത്തുന്നതിലും അനീതി കാണിച്ചതുകൊണ്ടാണ് സ്റ്റേറ്റ് സിലബസിലെ കുട്ടികൾക്ക് ഉയർന്നുവരാൻ കഴിയാതെ പോയത്. അൺ-എയ്ഡഡ് മാനേജുമെന്റുകൾക്ക് കൊയ്ത്ത് നടത്തുന്നതിനുവേണ്ടി എസ്.എസ്.എൽ.സി വിദ്യാർത്ഥികളെ എറിഞ്ഞുകൊടുത്ത ഗവൺമെന്റിന്റെ നയം വളരെ ഗൗരവമായി കാണേണ്ടതാണ്. ഇതാണ് യു.ഡി.എഫ്-ന്റെ വിദ്യാഭ്യാസ രംഗത്തുള്ള ഏറ്റവും വികലമായ നയം. ആ നയത്തിന്റെ ഭാഗമായിട്ടാണ് രേഷ്മയ്ക്ക് ആത്മഹത്യ ചെയ്യേണ്ടി

വന്നത്. വളരെ ഗൗരവമായി കാണേണ്ട വിഷയത്തെ ആ കുട്ടി അപേക്ഷ നല്കിയ സ്കൂളുകളുടെ എണ്ണം കുറഞ്ഞുപോയി എന്നു പറഞ്ഞ് വളരെ ലാഘവത്തോടുകൂടി കണ്ടത് വളരെ ഗൗരവമാണ്. മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾ സ്റ്റേറ്റ് സിലബസിൽ ഉണ്ട്. അവർ ആഗ്രഹിച്ച സീറ്റിലേയ്ക്ക് അല്ലെങ്കിൽ അവർ ആഗ്രഹിച്ച വിഷയത്തിൽ പ്രവേശനം ലഭിക്കാത്ത സാഹചര്യം കേരളത്തിൽ ഉടലെടുത്തിരിക്കുന്നുവെന്ന് പറയുമ്പോൾ വളരെ ഗൗരവമേറിയ വിഷയമാണ്. നിങ്ങൾ ആരെ സംരക്ഷിച്ചുവെന്നുള്ളതാണ് എനിക്ക് ചോദിക്കുവാനുള്ളത്? പതിനായിരക്കണക്കിന് കുട്ടികളുടെ ഭാവി അനിശ്ചിതത്വത്തിലാണ്. അതുകൊണ്ട് വളരെ ഗൗരവമായ ഈ വിഷയത്തിൽ, ഈ ഗവൺമെന്റിന്റെ സി.ബി.എസ്.സി.-യോടുള്ള അമിതമായ പ്രേമത്തിന്റെ പേരിലാണ് പട്ടാമ്പി എന്ന സ്ഥലത്തുള്ള ഹതഭാഗ്യയായ രേഷ്മ എന്ന കുട്ടിക്ക് ആത്മഹത്യ ചെയ്യേണ്ടിവന്നത്. ഗുരുതരമായ ഈ സ്ഥിതിവിശേഷം, ആ കുടുംബത്തിന്റെ പശ്ചാത്തലം ഇവയെല്ലാം കണക്കിലെടുത്തുകൊണ്ട് ആ കുടുംബത്തിനെ സഹായിക്കണം. ആ കുട്ടിയെ നിങ്ങൾക്ക് തിരിച്ചുകൊണ്ടുവരാൻ കഴിയുമോ? കഴിയില്ല. നിങ്ങളുടെ വികലമായ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ആ കുടുംബത്തിന് നല്ല രീതിയിലുള്ള സാമ്പത്തിക സഹായം കൊടുക്കുന്നതോടൊപ്പം തന്നെ ഈ വിഷയം, അതീവഗൗരവമായി കേരളം നേരിടുന്ന വിഷയമെന്ന നിലയ്ക്ക് സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്............(ബഹളം)..............

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ...... (ബഹളം)..........ഞാൻ പറയട്ടെ, ഞാൻ പറഞ്ഞു കഴിഞ്ഞിട്ട് നിങ്ങൾക്ക് പറയാം. ............(ബഹളം).................. ഞാൻ പറഞ്ഞുകഴിഞ്ഞതിനുശേഷം നിങ്ങൾ പറഞ്ഞോളൂ. ............(ബഹളം)..................

മി. സ്പീക്കർ: യെസ്......യെസ്........ മന്ത്രി മറുപടി പറയട്ടെ. യെസ്...... അങ്ങ് മറുപടി പറഞ്ഞോളൂ. ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ച അംഗം പറഞ്ഞ കാര്യത്തിന് മന്ത്രി മറുപടി പറയണ്ടേ? അടിയന്തരപ്രമേയം കൊണ്ടുവന്നാൽ അദ്ദേഹത്തിന് മറുപടി പറയണ്ടേ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, സ്കൂളിൽ പ്രവേശനം ലഭിക്കാത്തതിന്റെ പേരിൽ രേഷ്മ എന്ന കുട്ടി ആത്മഹത്യ ചെയ്തുവെന്ന് പറയുന്നത് അത്യന്തം ദൗർഭാഗ്യകരവും ദു:ഖകരവുമായ കാര്യമാണ്. നമുക്കെല്ലാവർക്കുമറിയാം.......(ബഹളം)............

മി. സ്പീക്കർ: ജനാധിപത്യത്തിൽ പറയാനും പറയാനുള്ളത് കേൾക്കാനുമുള്ള അവകാശമുണ്ട്. യെസ്....പ്ലീസ്........അങ്ങ് പറഞ്ഞോളൂ.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ അതിന്റെ വകുപ്പുകളാണ് ആദ്യം പറഞ്ഞത്. ഇപ്പോൾ അതിന്റെ വിശദീകരണങ്ങൾ പറഞ്ഞപ്പോൾ........... (ബഹളം)............... എനിക്ക് പറയാനുള്ള കാര്യം കൂടി നിങ്ങൾ കേൾക്കണം.

മി. സ്പീക്കർ: അങ്ങ് മറുപടി പറഞ്ഞോളൂ.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഇവിടെ സി.ബി.എസ്.ഇ. സ്കൂളുകൾക്ക് സൗകര്യം ചെയ്യാൻവേണ്ടി പ്രവേശന സമയങ്ങൾ ദീഘിപ്പിച്ചു എന്ന് പറയുന്നത് ശരിയല്ല. കാരണം, കഴിഞ്ഞ കാലങ്ങളിലെല്ലാം എസ്.എസ്.എൽ.സി. പരീക്ഷയുടെ റിസൾട്ട് വന്ന് ഒരുപാട് വൈകിയശേഷമാണ് സി.ബി.എസ്.ഇ. പരീക്ഷയുടെ റിസൾട്ട് വന്നിരുന്നത്. ഇപ്രാവശ്യം സി.ബി.എസ്.ഇ. പരീക്ഷയുടെ റിസൾട്ട് നേരത്തെ വന്നു. അതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് പ്ലസ്-വൺ പ്രവേശനത്തിന് യോഗ്യത നേടുന്ന കുട്ടികളെ, അപേക്ഷിക്കാൻ അർഹതയുള്ള കുട്ടികളെ അപേക്ഷിക്കാതിരിക്കാൻ പറയാൻ പറ്റില്ല. കേരളാ സിലബസ്, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ സിലബസ് ആണെങ്കിലും പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷ കൊടുക്കാൻ എല്ലാവർക്കും അധികാരമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ കൊടുത്തു. അപേക്ഷ കൊടുത്തതിന്റെ ട്രയൽ അലോട്ട്മെന്റ് വന്നപ്പോഴാണ് സി.ബി.എസ്.ഇ. കുട്ടികൾക്ക് മുൻതൂക്കം കിട്ടിന്നൂവെന്നുള്ള പ്രശ്നം വന്നത്........... (ബഹളം).......... ഞാൻ പറയട്ടെ. അതിന്റെ അടിസ്ഥാനത്തിൽ ആ ട്രയൽ അലോട്ട്മെന്റ് മാറ്റുകയും പ്രവേശനത്തിന്റെ അവസാന തീയതി 15-ാം തീയതി എന്നുള്ളത് മാറ്റി 16-ാം തീയതി വരെ ദീർഘിപ്പിക്കുകയും അതിനനുസരിച്ചുള്ള സൗകര്യങ്ങൾ കൊടുത്തുകൊണ്ട് ഈക്വലൈസ് ചെയ്യുകയും ചെയ്തുകൊണ്ടാണ് ഈ പ്രാവശ്യത്തെ പ്രവേശന നടപടികൾ നടന്നിട്ടുള്ളത്. അതല്ലാതെ അവർക്കുവേണ്ടി പ്രത്യേകമായി ഒരു കാര്യവും

ചെയ്തുകൊടുത്തിട്ടില്ല. രണ്ടാമത്......... (ബഹളം).......... ഞാൻ പറയട്ടെ. സി.ബി.എസ്.ഇ. കുട്ടികൾക്ക് സൗകര്യംചെയ്യാൻ വേണ്ടി ഈ ഗവൺമെന്റ് ഒന്നും ചെയ്തിട്ടില്ല. അഡ്മിഷൻ വൈകിപ്പിച്ചില്ല. അവരുടെ റിസൾട്ട് നേരത്തെ വന്നു. അവർക്ക് അപേക്ഷിക്കാൻ അർഹതയുണ്ട്. അവർ അപേക്ഷിക്കുകയും ചെയ്തു.

മി. സ്പീക്കർ: പ്ലീസ്.......... പ്ലീസ്.......... ബഹുമാനപ്പെട്ട മിനിസ്റ്റർ ഒരു മിനിട്ട്. മന്ത്രിക്ക് പറയാനുള്ളത്........ (ബഹളം).......ശ്രീ. കോവൂർ കുഞ്ഞുമോൻ..... പ്ലീസ് സിറ്റ് ഡൗൺ.......ശ്രീ. രാജേഷ്................ (ബഹളം)................. പ്ലീസ്........ (ബഹളം)................ ബഹളം കഴിഞ്ഞതിനുശേഷം മിനിസ്റ്റർ സംസാരിച്ചാൽ മതി. ബഹുമാനപ്പെട്ട അംഗം ശ്രീമതി കെ. കെ. ലതിക...... ചെയർ പറയുന്നത് കേൾക്കൂ. ഗുരുതരമായൊരു വിഷയം അവതരിപ്പിച്ച ഒരു വ്യക്തി ശ്രീ. രാജേഷ്............ പ്ലീസ്............... ചെയർ ഒന്ന് പറയട്ടെ. ശ്രീ. പി.സി. ജോർജ് ഒന്നും പറയില്ല. അങ്ങ് ഇങ്ങോട്ട് നോക്കൂ. അങ്ങ് അങ്ങോട്ട് നോക്കേണ്ട. പ്ലീസ്........... പ്ലീസ്............... ഒരു വ്യക്തി ഇരിക്കുമ്പോൾ അങ്ങോട്ടുമിങ്ങോട്ടുമൊക്കെ നോക്കിപ്പോകും. അതിനെന്താ? പ്ലീസ്........... പ്ലീസ്................ ഞാനൊരു കാര്യം പറയാം. ഒന്നുകിൽ പറയാനുള്ളത് നിങ്ങൾ കേൾക്കണം. അല്ലെങ്കിൽ ബഹളമുണ്ടാക്കിക്കൊണ്ടിരിക്കൂ. ഞാൻ എന്തു പറയാനാണ്? ................. (ബഹളം)........... പ്ലീസ്....... പ്ലീസ്..........അവിടെ ആരും ബഹളമുണ്ടാക്കിയില്ല. പ്ലീസ..് പ്ലീസ്.......... മാത്രമല്ല വളരെ സോഫ്റ്റ് വോയിസിലാണ് മന്ത്രി സംസാരിക്കുന്നത്. പ്ലീസ്.......

പ്ലീസ്...... ഒരു ഗുരുതര വിഷയമായാതുകൊണ്ടാണല്ലോ അടിയന്തരപ്രമേയം അവതരിപ്പിച്ചത്. അത് അവതരിപ്പിക്കാൻ അനുമതി കൊടുത്തു. സഭയിലെ ബഹുമാന്യയായ അംഗം സഭയിൽ പറയാനുള്ളതെല്ലാം പറഞ്ഞു. അതിന് മറുപടിയായി വകുപ്പുമന്ത്രിക്ക് ചില കാര്യങ്ങൾ പറയേണ്ടതുണ്ട്. അദ്ദേഹം പറയട്ടെ. ഗൗരവത്തിൽ തന്നെയാണ് അദ്ദേഹം മറുപടി പറയുന്നത്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ പറഞ്ഞുവന്നത് അഡ്മിഷൻ പ്രോസസ്സ് ഇനിയും പൂർത്തിയായിട്ടില്ല. അത് നടന്നുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് 550 പുതിയ ബാച്ചുകൾ കൊടുത്തത്. 33,000 കുട്ടികൾക്ക് പഠിക്കാനുള്ള അവ സരമുണ്ടാക്കിക്കൊടുത്തു. ........... (ബഹളം)......... ഇപ്രാവശ്യം 20 ശതമാനം സീറ്റ് കുട്ടികൾക്കുവേണ്ടി വർദ്ധിപ്പിച്ചുകൊടുത്തു. അതിന്റെയെല്ലാം അലോ ട്ട്മെന്റും ഓപ്ഷൻ ചെയിഞ്ചും സ്കൂൾ ചെയിഞ്ചുമൊക്കെ നടന്നുകൊണ്ടി രിക്കുകയാണ്. 26-ാം തീയതി വരെ ഓപ്ഷൻ കൊടുക്കാനുള്ള സമയമു ണ്ട്. അത് കഴിഞ്ഞ് ബാക്കിയുള്ള കാര്യങ്ങൾ ചെയ്യാനായി ആഗസ്റ്റ് ആദ്യംവരെ സമയമുണ്ട്. അതിനിടയിലാണ് ഈ ദൗർഭാഗ്യകരമായ സംഭ വമുണ്ടായത്. അതിൽ നമുക്കെല്ലാവർക്കും ഖേദമുണ്ട്, ദു:ഖമുണ്ട്. സി.ബി. എസ്.ഇ. കുട്ടികൾക്കുവേണ്ടി പ്രത്യേകമായി ഈ ഗവൺമെന്റ് ഒന്നും ചെയ്തിട്ടില്ല; ചെയ്യാൻ ഉദ്ദേശിക്കുന്നുമില്ല. കഴിഞ്ഞ വർഷങ്ങളിലെല്ലാം സി. ബി.എസ്.ഇ. കുട്ടികൾക്ക് അഡ്മിഷൻ കൊടുത്തിട്ടുണ്ട്. അതുപോലെ അഡ്മിഷനുള്ള അർഹത അവിടെ പഠിക്കുന്ന കുട്ടികൾക്കുമുണ്ട്. അതിന

പ്പുറം ഈ ഗവൺമെന്റ് യാതൊന്നും ചെയ്തിട്ടില്ല. മാത്രമല്ല കഴിഞ്ഞവർഷം 14,289 കുട്ടികളാണ് സി.ബി.എസ്.ഇ. സ്കൂളിൽ നിന്ന് പ്രവേശനം നേടിയത്. ഈ വർഷം സി.ബി.എസ്.ഇ. വിദ്യാർത്ഥികളുടെ എണ്ണം 11,063 ആയി ചുരുങ്ങിയിരിക്കുകയാണ്. ആ രീതിയാണ് ഇപ്പോൾ വന്നിട്ടുള്ളത്. സംസ്ഥാനമൊട്ടാകെ പ്ലസ്-ടൂവിന് മാത്രമായി ഏകദേശം 78,000 സീറ്റിന്റെ കുറവുണ്ട്. അതിനുപുറമേ ഐ.ടി.ഐ.-യിലും പോളിടെക്നിക്കിലുമൊക്കെ വേറെ സീറ്റുകളുണ്ട്. 78,000 സീറ്റിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള 20 ശതമാനം സീറ്റ് വർദ്ധനവ് വരുന്നതോടുകൂടി 53,000 ആയി ചുരുങ്ങുകയാണ്. ആ രീതിയിലുള്ള സൗകര്യങ്ങളെല്ലാം ഗവൺമെന്റ് ചെയ്യുന്നുണ്ട്. ആ കുട്ടിക്ക് മറ്റു സ്കൂളുകളിൽ ഓപ്ഷൻ കൊടുക്കാനും സബ്ജക്ട് ഓപ്ഷൻ കൊടുക്കാനും സമയമുണ്ടായിരുന്നു. പക്ഷേ, ദൗഭാഗ്യവശാൽ ആ കുട്ടി ആത്മഹത്യ ചെയ്തുവെന്നതാണ് ഇപ്പോൾ സംഭവിച്ചിട്ടുള്ളത്. അതിൽ വിദ്യാഭ്യാസ വകുപ്പിനും എല്ലാപേർക്കും വളരെയധികം ദു:ഖമുണ്ട്, ഖേദമുണ്ട്. അതുകൊണ്ട് ഈ സംഭവവുമായി ബന്ധപ്പെട്ട് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, രേഷ്മ എന്ന കുട്ടിയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട അടിയന്തരപ്രമേയമാണിത്. വളരെ നിർഭാഗ്യകരമായ ഒരു സംഭവമായിപ്പോയി. ഗവൺമെന്റിന് അക്കാര്യത്തിൽ അങ്ങേയറ്റം ദു:ഖമുണ്ട്. ആ ദു:ഖം വിദ്യാഭ്യാസ മന്ത്രി ഇവിടെ പ്രകടിപ്പിച്ചു.

അടിയന്തരപ്രമേയം അവതരിപ്പിച്ച ശ്രീമതി കെ.എസ് സലീഖ ആ കുട്ടിയുടെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകണമെന്ന് പറഞ്ഞു. ഞങ്ങൾ നിശ്ചയമായും ആ കാര്യം ആലോചിക്കും. ആ കുടുംബത്തിന് സാമ്പത്തിക സഹായം നൽകും. ഈ വിഷയവുമായ ബന്ധപ്പെട്ട് പറയു മ്പോൾ, ഗവൺമെന്റിന്റെ പൊസിഷൻ കൂടി നിങ്ങൾ ആലോചിക്കണം. രേഷ്മ എന്ന കുട്ടിയുടെ മാർക്ക് ലിസ്റ്റ് എന്റെ കൈവശമുണ്ട്. ശ്രീ. എം.എ. ബേബിയെ അത് കാണിക്കാം. (മാർക്ക് ലിസ്റ്റ് ഉയർത്തിക്കാണിച്ചു). ഈ മാർക്ക് ലിസ്റ്റ് വച്ച് ആ കുട്ടിക്ക് അഡ്മിഷൻ കിട്ടുമോ? അതായത് മൂന്നു സ്കൂളിൽ മാത്രമാണ് ആ കുട്ടി അലോട്ട്മെന്റിന് കൊടുത്തത്. ഒരു കുട്ടിക്ക് 50 സ്കൂൾ വരെ അലോട്ട്മെന്റിന് കൊടുക്കാം. പക്ഷേ പാവപ്പെട്ട വീട്ടിലെ കുട്ടിയായതുകൊണ്ട് സമീപപ്രദേശത്തെ സ്കൂളുകളിൽ പഠിക്കാനേ അവർക്ക് സാധിക്കുകയുള്ളൂ. അതുകൊണ്ടുള്ള പരിമിതികൾകൊണ്ടായി രിക്കാം മൂന്നു സ്കൂളുകളിൽ മാത്രം കൊടുത്തത്. പാലക്കാട് ജില്ലയിൽ രണ്ടാമത്തെ അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ 2,209 സീറ്റുകൾ ഒഴിഞ്ഞു കിട ക്കുകയാണ്. പാലക്കാട് ജില്ലയിൽ സി.ബി.എസ്.ഇ. സിലബസിൽ അഡ്മി ഷൻ കിട്ടിയ ആകെ കുട്ടികളുടെ എണ്ണം 711 ആണ്. കഴിഞ്ഞ വർഷം 14,289 കുട്ടികൾക്കാണ് അഡ്മിഷൻ കിട്ടിയത്. ഈ വർഷം 11,063 കുട്ടികൾക്ക് അഡ്മിഷൻ കിട്ടി. ...........(ബഹളം)..........ശ്രീ. ജയരാജൻ, ഞാൻ പറഞ്ഞത് ആ കുട്ടി മൂന്ന് സ്കൂളിന്റെ പേരെഴുതിയത് ആ കുട്ടി യുടെ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടാണെന്നാണ്. അങ്ങനെയാണ് ഞാൻ

വിശ്വസിക്കുന്നത്. കാരണം, വീട്ടിൽ നിന്ന് പോയി വരാനുള്ള സ്കൂളിൽ മാത്രമേ ആ കുട്ടിയ്ക്ക് പഠിക്കാൻ സാധിക്കുകയുള്ളൂ. ..........(ബഹളം).......ശ്രീ. സുരേഷ് കുറുപ്പ്.........എന്റെ കയ്യിൽ മാർക്ക് ലിസ്റ്റ് ഉണ്ട്. ഞാൻ ശ്രീ. എം.എ. ബേബിയെ കാണിക്കാം. ആ കുട്ടിക്ക് 61 ശതമാനം മാർക്കാണുള്ളത്. അതിന്റെ ഗ്രേഡ് ഇവിടെ ഞാൻ വായിക്കുന്നില്ല. ............ (ബഹളം).....................

<u>മി. സ്പീക്കർ</u>: മുഖ്യമന്ത്രി പറയട്ടെ. പ്ലീസ്........ പ്ലീസ്..................

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഏകജാലകം അനുസരിച്ച് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റ് ഉണ്ടാക്കിയാൽ അത് തരുത്താൻ ഗവൺമെന്റിന് അധികാരമുണ്ടോ? നിങ്ങൾ ശ്രീ. എം.എ. ബേബിയോട് ചോദിക്കണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, 50 ശതമാനം മാർക്കുള്ള കുട്ടികൾക്ക് എഞ്ചിനീയറിംഗിനുപോലും പ്രവേശനം കിട്ടുന്ന നമ്മുടെ നാട്ടിൽ എസ്.എസ്.എൽ.സി-ക്ക് 70 ശതമാനത്തോളം മാർക്ക് വാങ്ങിയ കുട്ടികൾക്ക് ഹയർ സെക്കണ്ടറിപ്രവേശനം കിട്ടുന്നില്ലെന്ന ഗുരുതരമായ യാഥാർത്ഥ്യത്തിലേയ്ക്ക് അങ്ങ് കണ്ണ് തുറക്കാത്തത് എന്താണ്?

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്താണ് ഏകജാലക സമ്പ്രദായം നടപ്പിലാക്കിയത്. ഏകജാലക സമ്പ്രദായമനുസരിച്ച് കുട്ടികൾ ആവശ്യപ്പെടുന്ന സ്കൂളിൽ അഡ്മിഷൻ കിട്ടില്ല, വേറെ സ്കൂളുകളിൽ കിട്ടും. പാലക്കാട്

ജില്ലയിൽ ഹയർ സെക്കണ്ടറിയിൽ 2209 സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഏകജാലക സമ്പ്രദായത്തിൽ കുട്ടികൾ ആവശ്യപ്പെടുന്ന സ്കൂളിൽ അഡ്മിഷൻ കിട്ടുകയില്ല. ഞാൻ ഒരനുഭവംകൂടി പറയാം. ശ്രീമതി പി. അയിഷാ പോറ്റി എന്റെ ശ്രദ്ധയിൽ ഒരു പ്രശ്നം കൊണ്ടുവന്നിരുന്നു. എല്ലാ വിഷയത്തിനും എ പ്ലസ് നേടിയ വളരെ പാവപ്പെട്ട കുടുംബത്തിലെ കുട്ടിക്ക്, ആ കുട്ടി ആവശ്യപ്പെട്ട സ്കൂളിൽ അഡ്മിഷൻ കിട്ടിയില്ല. ആ കുട്ടി പഠിച്ച സാഹചര്യങ്ങളൊക്കെ ശ്രീമതി പി. അയിഷാ പോറ്റി എന്നോട് പറഞ്ഞിരുന്നു. ആ കുട്ടി ആവശ്യപ്പെട്ട സ്കൂളിൽത്തന്നെ അഡ്മിഷൻ കൊടുക്കണമെന്ന് ഞാൻ വിളിച്ചുപറഞ്ഞു. ശ്രീമതി പി. അയിഷാ പോറ്റി പറഞ്ഞ കാര്യത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങളൊരു തീരുമാനമെടുത്തു. എല്ലാ വിഷയത്തിനുംഎ പ്ലസ് ലഭിക്കുന്ന കുട്ടിക്ക് ഏകജാലക സമ്പ്രദായംവഴി കുട്ടി ആവശ്യപ്പെടുന്ന സ്കൂളിൽ അഡ്മിഷൻ കിട്ടിയില്ലെങ്കിലും ആ സ്കൂളിൽതന്നെ അഡ്മിഷൻ കൊടുക്കണമെന്ന് തീരുമാനിച്ചിരിക്കുകയാണ്. നിങ്ങളുടെ കാലത്ത് നടപ്പിലാക്കിയ ഏകജാലക സമ്പ്രദായമനുസരിച്ച് എല്ലാ വിഷയത്തിനും എ പ്ലസ് കിട്ടിയാലും ആവശ്യപ്പെടുന്ന സ്കൂളിൽ അഡ്മിഷൻ കിട്ടണമെന്നില്ല. അതുകൊണ്ട് നിങ്ങൾ കുറ്റപ്പെടുത്തുന്നത് സാഹചര്യങ്ങൾകൂടി മനസ്സിലാക്കിവേണം. പാലക്കാട് ജില്ലയിൽ 21081 സീറ്റുകളുള്ളതിൽ സെക്കന്റ് അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ സി.ബി.എസ്.ഇ-ക്ക് കിട്ടിയത് 711 സീറ്റുകൾ മാത്രമാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, കഴിഞ്ഞ വർഷങ്ങളിൽനിന്ന് വ്യത്യസ്തമായി നല്ല മാർക്ക് കിട്ടിയ നൂറുകണക്കിന് കുട്ടികൾ പ്രവേശനം കിട്ടാതെ നെട്ടോട്ടമോടുകയാണെന്ന കാര്യം ഇവിടെയിരിക്കുന്ന എല്ലാ എം. എൽ.എ-മാർക്കുമറിയാം. ആ സാഹചര്യം എങ്ങനെയുണ്ടായി?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഏകജാലക സമ്പ്രദായത്തിന് ഗുണവും ദോഷവുമുണ്ട്. അങ്ങിപ്പോൾ പറഞ്ഞത് ഏകജാലക സമ്പ്രദായത്തിന്റെ ദോഷമാണ്. എത്ര സമർത്ഥരാണെങ്കിലും അവരാവശ്യപ്പെടുന്ന സ്കൂൾ കിട്ടുന്നത് അവരുടെ ഭാഗ്യത്തെക്കൂടി ആശ്രയിച്ചിരിക്കും. ശ്രീമതി പി. അയിഷാ പോറ്റി പറഞ്ഞ കുട്ടി വളരെ മിടുക്കിയാണെങ്കിലും ആ കുട്ടി ആവശ്യപ്പെട്ട സ്കൂളിൽ അഡ്മിഷൻ കിട്ടിയില്ല. അത് ആരുടെയും ഇന്റർഫിയറൻസ് കൊണ്ടുണ്ടായതല്ല. ഏകജാലക സമ്പ്രദായത്തിലെ വ്യവസ്ഥ പ്രകാരമാണ് അങ്ങനെ വരുന്നത്. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന കുട്ടികൾക്ക് അവരാവശ്യപ്പെടുന്ന സ്കൂളുകളിൽത്തന്നെ അഡ്മിഷൻ കൊടുക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ട്. തീരുമാനമെടുത്തതിന് കാരണക്കാരി ഈ സഭയിലെ അംഗമായ ശ്രീമതി പി. അയിഷാ പോറ്റിയാണ്. അതുകൊണ്ട് ശ്രീമതി പി. അയിഷാ പോറ്റി പറഞ്ഞ കുട്ടിക്ക് മാത്രമല്ല, എല്ലാ വിഷയത്തിനും എ പ്ലസ് കിട്ടുന്ന കുട്ടികൾക്ക് അവർ ആവശ്യപ്പെടുന്ന സ്കൂളിൽത്തന്നെ അഡ്മിഷൻ കൊടുക്കും. സ്കൂളിൽ സീറ്റില്ലെങ്കിൽ അഡീഷണലായി സീറ്റുണ്ടാക്കിക്കൊടുക്കണമെന്ന് തീരുമാനിച്ചിരിക്കുകയാണ്. ഈ വർഷം അഡ്മിഷന്റെ കാര്യത്തിൽ ബുദ്ധിമുട്ടുണ്ടെന്ന് മനസ്സിലാ

ക്കിയപ്പോൾത്തന്നെ, സാധാരണ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 20 ശതമാനം സീറ്റ് വർദ്ധിപ്പിക്കാറുണ്ട്, ഗവൺമെന്റ് അത് നടപ്പിലാക്കി. പല പ്രൈവറ്റ് സ്കൂളുകളും ഇത് നടപ്പിലാക്കാൻ തയ്യാറാകുന്നില്ല. അവർക്ക് 3 സീറ്റ് കിട്ടും.

ശ്രീ. എം. എ. ബേബി: സർ, ഏകജാലക സമ്പ്രദായത്തിന് ഗുണങ്ങളും ദോഷങ്ങളുമുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. എൽ.ഡി.എഫ്-ന്റെ കാലത്ത് ഏകജാലക സമ്പ്രദായം തിരുവനന്തപുരം ജില്ലയിൽ try out ചെയ്തതിനുശേഷമാണ് മറ്റ് ജില്ലകളിൽ നടപ്പിലാക്കിയത്. എൽ.ഡി.എഫ്-ഗവൺമെന്റിന്റെ കാലത്ത് വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലും ഒരു ജില്ലയിൽ try out ചെയ്തു. സംസ്ഥാന വ്യാപകമായി വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ ഏകജാലക സമ്പ്രദായം നടപ്പിലാക്കിയത് യു.ഡി.എഫ് അധികാരത്തിൽ വന്നതിനുശേഷമാണ്. ഏകജാലക സമ്പ്രദായത്തിന് തിരുത്തപ്പെടേണ്ട കുറവുകളുണ്ടെന്ന് എന്തെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിലായിട്ടുണ്ടെങ്കിൽ മുഖ്യമന്ത്രി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അത് വ്യക്തമാക്കണം. ഈ വർഷം പ്രശ്നമുണ്ടായത് എന്തുകൊണ്ടാണ്? ശ്രീ. കപിൽ സിബൽ ഡൽഹിയിൽ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. .....

മി. സ്പീക്കർ: നോ ...... നോ ........ അങ്ങൊരു ചോദ്യം ചോദിക്കാനാണ് എഴുന്നേറ്റത്.

ശ്രീ. എം. എ. ബേബി: സർ, ഒരു മിനിട്ട് ........

മി. സ്പീക്കർ: നോ ... അത് ശരിയല്ല ..... അതെങ്ങനെയാണ് ശരിയാകുന്നത്. മുഖ്യമന്ത്രി വഴങ്ങിയത് ശ്രീ. എം.എ. ബേബിക്ക് ഒരു ചോദ്യം ചോദിക്കാൻ വേണ്ടിയാണ്. എല്ലാ അറിവുകളും പകരാൻ വേണ്ടിയല്ല. ശ്രീ. എം. എ. ബേബി ഒരു ചോദ്യം ചോദിക്കാനാണ് എഴുന്നേറ്റത്. മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. എ. ബേബിക്ക് ധാരാളം കാര്യങ്ങളറിയാം. അതെല്ലാം ഇവിടെ പറയാൻ പറ്റുമോ?

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ): സർ, ശ്രീ. എം.എ. ബേബിയെ മുഖ്യമന്ത്രി ക്വാട്ട് ചെയ്തതുകൊണ്ടാണ്, .... ശ്രീ. എം. എ. ബേബിക്ക് പറയാനുള്ളത് കേൾക്കാനുള്ള സഹനശക്തിയില്ലാതെ ബഹുമാനപ്പെട്ട സ്പീക്കർ ഇടപെട്ടതെന്താണ്. അദ്ദേഹത്തിന് പറയാനുള്ളത് കേൾക്കുകതന്നെ വേണം. മുഖ്യമന്ത്രി റഫർ ചെയ്ത കേസല്ലേ.

മി. സ്പീക്കർ: ഞാൻ പറയാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അങ്ങനെ പറഞ്ഞത് സങ്കടകരമാണ്. ഞാൻ അങ്ങനെയല്ല പറഞ്ഞത്. .......... (ബഹളം) ........ എങ്കിൽപ്പിന്നെ ഞാൻ പറയുന്നില്ല. നിങ്ങൾ പറയൂ...... ബഹുമാനപ്പെട്ട എം. എ. ബേബിക്ക് മുഖ്യമന്ത്രി സമയം കൊടുത്തു. ശ്രീ. എം. എ. ബേബി വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ആളാണ്. അദ്ദേഹത്തിന് അതുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ അറിയാം. ആ കാര്യങ്ങളെല്ലാം അവതരിപ്പിക്കേണ്ടത് ഈ ചോദ്യത്തിൽക്കൂടിയല്ല. അതാണ് ഞാൻ

പറഞ്ഞത്. വെറുതെ ഒച്ചയുണ്ടാക്കിയിട്ട് കാര്യമില്ല. Please come to the point.

<u>ശ്രീ. എം. എ. ബേബി</u>: സർ, ഒരു മിനിട്ട് കേൾക്കണം. വളരെ ലളിതമാണ്. കേന്ദ്ര ഗവൺമെന്റ് ഒരു വിദ്യാഭ്യാസ പരിഷ്കാരം കൊണ്ടുവന്നു. അത് സി.ബി.എസ്.ഇ-ക്കും ഐ.സി.എസ്.ഇ-ക്കും ക്ലാസ്സ് പരീക്ഷയും ബോർഡ് പരീക്ഷയും നടത്താമെന്നാണ്. വളരെ ശരിയായ ഒരു കാര്യം കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞു. സി.ബി.എസ്.ഇ/ഐ.സി.എസ്.സി സ്കൂളിൽ തന്നെ പ്ലസ് വൺ-ന് പ്രവേശനം നേടാൻ താല്പര്യമുള്ള കുട്ടികളാണ് ക്ലാസ്സ് പരീക്ഷ ഓപ്റ്റ് ചെയ്യേണ്ടത്. ഇതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതാണോ ഇവിടെ ഗവൺമെന്റ് നടപ്പിലാക്കുന്നത്? സി.ബിഎസ്.ഇ, എ.സി.എസ്.ഇ കുട്ടികൾ ക്ലാസ്സ് പരീക്ഷ എഴുതിയിട്ടുണ്ടെങ്കിൽ ശ്രീ. കപിൽ സിബൽ പറഞ്ഞതനുസരിച്ച് അവർ പഠിച്ച സി.ബിഎസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകളിൽ മാത്രമേ പ്ലസ് വൺ-ന് അപേക്ഷിക്കാൻ പാടുള്ളൂ. ഈ ഗവൺമെന്റ് അത് പൊളിച്ചിരിക്കുകയാണ്. അതുകൊണ്ടാണ് പാലക്കാടുള്ള രേഷ്മ ആത്മഹത്യ ചെയ്തതിന്റെ ഉത്തരവാദിത്വം ഈ ഗവൺമെന്റിനാണെന്ന് ഞങ്ങൾ പറയുന്നത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> ശ്രീ. എം. എ. ബേബി, ഇങ്ങനെയൊക്കെ കുറെ കാര്യങ്ങൾ പറഞ്ഞാൽ ശരിയാകുമോ? എല്ലാ വിഷയത്തിനും എ പ്ലസ് കിട്ടിയ കുട്ടിക്ക് കൊട്ടാരക്കര സ്കൂളിൽ എന്തുകൊണ്ട് അഡ്മിഷൻ കിട്ടിയില്ല? എല്ലാ വിഷയത്തിനും എ പ്ലസ് കിട്ടിയ കുട്ടി ആവശ്യപ്പെടുന്ന

സ്കൂളിൽ അഡ്മിഷൻ കിട്ടാത്ത വ്യവസ്ഥിതിയാണ് ഏകജാലക സമ്പ്രദായം. 2209 സീറ്റുകൾ പാലക്കാട് ജില്ലയിൽ ഒഴിഞ്ഞുകിടക്കുമ്പോൾ 61 ശതമാനം മാർക്ക് കിട്ടിയ ഒരു കുട്ടി ആത്മഹത്യ ചെയ്തതിന്റെ ഉത്തരവാദി ഏകജാലക സമ്പ്രദായം അങ്ങ് കൊണ്ടുവന്നതുകൊണ്ടാണ്. സി.ബി.എസ്.ഇ-യുടെ പേരിൽ .......... (ബഹളം)...... 2209 സീറ്റുകൾ പാലക്കാട് ഒഴിഞ്ഞു കിടക്കുകയാണ്. ഇവിടെ എല്ലാ വിഷയത്തിനും എ പ്ലസ് കിട്ടിയ കുട്ടിക്ക് ആവശ്യപ്പെടുന്ന സ്കൂളിൽ അഡ്മിഷൻ കിട്ടുന്നില്ല. ഈ ഗവൺമെന്റാണ് അധിക സീറ്റുണ്ടാക്കി അഡ്മിഷൻ കൊടുക്കാൻ തീരുമാനിച്ചത്. പ്രൈവറ്റ് സ്കൂളുകളിലും 20 ശതമാനം കുട്ടികളെ നിർബന്ധമായി എടുക്കണമെന്നുള്ള ഓർഡർ ഗവൺമെന്റിറക്കിയിട്ടുണ്ട്. ആ ഓർഡർ ഇംപ്ലിമെന്റ് ചെയ്യുമ്പോൾ അഡ്മിഷന്റെ കാര്യത്തിൽ നിശ്ചയമായും കാര്യമായ പ്രോഗ്രസ്സുണ്ടാകും. ഏകജാലക സമ്പ്രദായത്തിലെ പോരായ്മകൾ ഞങ്ങൾ പരിശോധിച്ച് പഠിച്ച് അതിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തും.

<u>മി. സ്പീക്കർ</u>: ഗവൺമെന്റിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. എസ് അച്ചുതാനന്ദൻ</u>): സർ, മുഖ്യമന്ത്രി നടത്തിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ രേഷ്മ ആത്മഹത്യ ചെയ്തതുപോലുള്ള സംഭവങ്ങൾ കേരളത്തിൽ ആവർത്തിക്കാതിരിക്കാൻ പ്രായോഗികമായി എന്താണ് ചെയ്യാൻ കഴിയുക എന്നത് സംബന്ധിച്ച് അദ്ദേഹത്തിന് ഒരു നിർദ്ദേശവും വയ്ക്കാനില്ല. പാലക്കാട് ജില്ലയിൽ

2500 സീറ്റ് ഒഴിഞ്ഞുകിടക്കുന്നുവെന്നത് സംബന്ധിച്ച് ആവർത്തിക്കുന്നതല്ലാതെ, രേഷ്മയെ പോലുള്ള കുട്ടികൾക്ക് ക്ലാസ് പരീക്ഷ നടത്തിയിരുന്നെങ്കിൽ,.. അങ്ങനെ ചെയ്യാവുന്നതാണെന്ന കേന്ദ്രമന്ത്രിയുടെ നിർദ്ദേശം നിലനിൽക്കുമ്പോൾ തന്നെ, അതനുസരിച്ച് കാര്യങ്ങൾ കൈകാര്യം ചെയ്യാത്ത മാനേജ്മെന്റിനെതിരെ കർശനമായ നിലപാട് സ്വീകരിക്കുന്നത് സംബന്ധിച്ചൊന്നും അദ്ദേഹം പറഞ്ഞുകേട്ടില്ല. ശ്രീമതി പി. അയിഷാ പോറ്റി എല്ലാ വിഷയങ്ങൾക്കും എ+ നേടിയിട്ടും +1 –ന് അഡ്മിഷൻ കിട്ടാത്ത കുട്ടിയുടെ കാര്യം പറഞ്ഞപ്പോൾ ഉടൻ തന്നെ അതിന് പരിഹാരം കാണാൻ അങ്ങെടുത്ത നടപടി സ്വാഗതാർഹമാണ്. പക്ഷേ രേഷ്മയുടെ പ്രശ്നം ശ്രീമതി കെ. എസ്. സലീഖയ്ക്ക് സഭയിൽ അവതരിപ്പിക്കാൻ കഴിയാത്ത വിധത്തിൽ,. പ്രവേശനം കിട്ടില്ലെന്ന വിവരം അറിഞ്ഞയുടനെ രേഷ്മ ആത്മഹത്യ ചെയ്യുകയാണുണ്ടായത്. രേഷ്മയെപ്പോലുള്ള കുട്ടികൾ അങ്ങനെ ചിന്തിക്കുന്നത് സ്വാഭാവികമാണ്. അത്തരം സംഭവങ്ങൾ ഇനി നമ്മുടെ സംസ്ഥാനത്ത് ആവർത്തിക്കാതിരിക്കാൻ, സി.ബി.എസ്.ഇ., എസ്.എസ്.എൽ.സി. പരീക്ഷകളെ സംബന്ധിച്ച കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം കേരളത്തിൽ നടപ്പിലാക്കുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടോ? വൈഷമ്യം ഇല്ലെങ്കിൽ അത് നടപ്പിലാക്കുകയല്ലേ വേണ്ടത് എന്നാണ് ഞാൻ ചോദിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യം തുറന്ന മനസ്സോടുകൂടി തന്നെ ആലോചിക്കാം.

പക്ഷേ ഇവിടെ സംഭവിച്ചത് എന്താണെന്ന് നിങ്ങൾ മനസ്സിലാക്കണം. ........(ബഹളം)..... ഈ കുട്ടി കമ്പ്യൂട്ടർ സയൻസ് എന്ന വിഷയത്തിനാണ് ഓപ്ഷൻ നൽകിയിരുന്നത്. കമ്പ്യൂട്ടർ സയൻസിന്റെ ആ സ്കൂളിലെ കട്ട് ഓഫ് മാർക്ക് 66 ആണ്. ഈ കുട്ടിക്ക് 51 മാർക്കാണുള്ളത്. ഞങ്ങൾക്ക് ഏകജാലകത്തിൽ എന്ത് ചെയ്യാൻ സാധിക്കും? നിങ്ങൾ ആലോചിക്കൂ. ഏകജാലകവും അതിന് വ്യക്തമായ പ്രിൻസിപ്പിളും ഓപ്ഷനും വച്ചു. ഈ കുട്ടി അഡ്മിഷൻ ചോദിച്ച പട്ടാമ്പി സ്കൂളിലെ കട്ട് ഓഫ് മാർക്ക് 66 ആണ്. ഒറ്റ സബ്ജക്ടും മൂന്ന് സ്കൂളുകളുമാണ് അപേക്ഷയിൽ വച്ചിട്ടു ള്ളത്. ഈ സാഹചര്യത്തിലാണ് അഡ്മിഷൻ കിട്ടാതെ വന്നത്. ആ കുടും ബത്തിന് ഇത്തരത്തിൽ ഒരു ദുരന്തമുണ്ടായതിൽ അങ്ങേയറ്റം ദു:ഖമുണ്ട്. ഞങ്ങൾ അതിൽ ഖേദിക്കുന്നു. ആ കുടുംബത്തെ സഹായിക്കണമെന്ന് പറ ഞ്ഞത് അംഗീകരിക്കുന്നു. പക്ഷേ, ഏകജാലകത്തിൽ വച്ചിട്ടുള്ള വ്യവസ്ഥ കൾ ഗവൺമെന്റിന് തിരുത്താൻ പറ്റുമോ? എന്നിട്ടും മുഴുവൻ എ പ്ലസ് കിട്ടിയ കുട്ടികളുടെ കാര്യത്തിൽ തിരുത്തുകയും ചെയ്തു. പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞ കാര്യങ്ങൾ പരിശോധിക്കാം. ............(തടസ്സം)...........

<u>മി. സ്പീക്കർ</u> : യെസ്.... മുഖ്യമന്ത്രി വൈൻഡ്-അപ്പ് ചെയ്തു.

(ശ്രദ്ധക്ഷണിക്കൽ)

* * * * * * * * * * * * * * *